# പതിനാറാം കേരളനിയമസഭ
## രണ്ടാം സമ്മേളനം
## 2026 ഒക്ടോബർ 15, വ്യാഴം
## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ:**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. ശ്രദ്ധ ക്ഷണിക്കൽ:**

(1) കോഴിക്കോട് നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. ജയന്ത് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സംസ്ഥാനത്തെ ദേശീയപാത 66 – ന്റെ വികസനവുമായി ബന്ധപ്പെട്ട നിർമ്മാണങ്ങളിലെ അശാസ്ത്രീയതയും നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ചയും സംബന്ധിച്ച് ശ്രീ. കെ. കെ. വത്സരാജ് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ:**

കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കിഫ്ബി) പുനഃസംഘടിപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ മേശപ്പുറത്തു വയ്ക്കുന്നതാണ്.

**4. റിപ്പോർട്ടുകളുടെ സമർപ്പണം:**

(1) സഭാ നേതാവും കാര്യോപദേശക സമിതി അംഗവുമായ ശ്രീ. വി. ഡി. സതീശൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) റവന്യൂ വകുപ്പ് മന്ത്രിയും സബ്ജക്ട് കമ്മിറ്റി II – ന്റെ ചെയർപേഴ്സണുമായ ശ്രീ. എ. പി. അനിൽകുമാർ 2026 – ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**5. റിപ്പോർട്ട് പരിഗണന:**

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് പരിഗണന.

**6. ഗവൺമെന്റ് പ്രമേയം (ചട്ടം 118):**

സംസ്ഥാനത്തെ ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ സമർപ്പിച്ച ഭേദഗതി പ്രൊപ്പോസൽ പരിഗണിച്ചുമാത്രമേ പശ്ചിമ

ഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളെ സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാവൂ എന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം വൈദ്യുതി, പരിസ്ഥിതി– പാർലമെന്ററികാര്യ വകുപ്പ് മന്ത്രി ശ്രീ. സണ്ണി ജോസഫ് അവതരിപ്പിക്കുന്നതാണ്.

(പ്രമേയത്തിന്റെ പകർപ്പ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്.)

**7.** **ധനകാര്യം:**

മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ 2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥന കളുടെയും 2016–2017, 2017–2018, 2018–2019, 2020–2021, 2021–2022 എന്നീ സാമ്പത്തികവർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

**8.** **ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപങ്ങളിന്മേലുള്ള ചർച്ച:**

*(മൂന്ന് മണിക്കൂർ)*

(1) പാലക്കാട് റെയിൽവേ ഡിവിഷനിൽ നിന്ന് മംഗളൂരു മേഖലയെ വിഭജിച്ചുകൊണ്ടുള്ള ഉത്തരവ് പുനഃപരിശോധിക്കണമെന്നും ഡിവിഷന്റെ പഴയ സ്ഥിതി പുനഃസ്ഥാപിക്കണമെന്നും ഉള്ള ആവശ്യം സഭ ചർച്ച ചെയ്യ ണമെന്ന ഉപക്ഷേപം ശ്രീ. രമേശ് പിഷാരടി അവതരിപ്പിക്കു ന്നതാണ്.

(2) മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് (എം.ഡി.ആർ.) എന്ന പേരിൽ യു.പി.ഐ. ഇടപാടുകൾക്ക് കമ്മീഷൻ ഈടാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംബന്ധിച്ച് സഭ ചർച്ച ചെയ്യ ണമെന്ന ഉപക്ഷേപം ശ്രീ. കെ. രാജൻ അവതരിപ്പിക്കുന്നതാ ണ്.

(ഉപക്ഷേപങ്ങൾ പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്.)

**9.** **നിയമനിർമ്മാണ കാര്യം:**

2026 – ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലറേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും.

(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

കേരളനിയമസഭ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 14.

ഷാജി സി. ബേബി,
സെക്രട്ടറി–ഇൻ–ചാർജ്.

**SIXTEENTH KERALAM LEGISLATIVE ASSEMBLY**
**Second Session**

*Thursday, October 15, 2026*

# LIST OF BUSINESS

**I. Questions:**

Questions entered in the separate list to be asked and answered.

**II. Calling Attention:**

(1) Shri. K. Jayanth to call the attention of the Minister for Public Works to the necessity for urgent intervention to resolve the traffic congestion in Kozhikode city.

(2) Shri. K. K. Valsaraj to call the attention of the Minister for Public Works regarding the unscientific nature of construction work related to the development of National Highway 66 in the State and the lapses in ensuring the safety of the public at the construction sites.

**III. Papers to be Laid:**

Shri. V. D. Satheesan, Chief Minister to lay on the Table the report of the Committee constituted by the Government for restructuring the Kerala Infrastructure Investment Fund Board (KIIFB).

**IV. Presentation of Report:**

(1) Shri. V. D. Satheesan, Leader of the House and Member, Business Advisory Committee to present the Fourth Report of the Committee.

(2) Shri. A. P. Anilkumar, Minister for Revenue and Chairperson, Subject Committee - II to present the Report of the Subject Committee on the Madras Hindu Religious and Charitable Endowments (Amendment) Bill, 2026.

**V. Consideration of Report:**

Consideration of the Fourth Report of the Business Advisory Committee.

## VI. Government Resolution (Rule 118):

Shri. Sunny Joseph, Minister for Electricity, Environment and Parliamentary Affairs to move the resolution urging the Central Government to issue the final notification regarding Ecologically Sensitive Areas in the Western Ghats only after considering the amendment proposal submitted by the State Government in order to safeguard the interests of the people of the State.

(Copy of the resolution circulated separately.)

## VII. Financial Business:

Shri. V. D. Satheesan, Chief Minister to lay on the Table the Supplementary Demands for Grants on the Revised Budget for the Financial Year 2026-2027 and the statements of Excess Grants for the financial years 2016-2017, 2017-2018, 2018-2019, 2020-2021 and 2021-2022.

## VIII. Discussion on Motions under Rule 130:

*(Three Hours)*

(1) Shri. Ramesh Pisharody to move the motion to raise a discussion regarding the demand for reconsidering the order to separate the Mangaluru region from the Palakkad Railway Division and the need to restore the division to its previous status.

(2) Shri. K. Rajan to move the motion to raise a discussion regarding the Central Government's decision to levy commission termed the Merchant Discount Rate (MDR) on U.P.I. transactions.

## IX. Legislative Business:

Introduction and Motion for reference to Subject Committee of the SARAL (Simplified & Accelerated Regulatory Approvals and Licensing) Keralam Bill, 2026.

(Discussion to be concluded.)

Secretariat of the Keralam Legislature,
Thiruvananthapuram,
October 14, 2026.

Shaji C. Baby,
Secretary-in-Charge.